(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് കുടിർജ്യോതി പദ്ധതി നിലവിലുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 62,116 വീടുകൾ 2004-05 സാമ്പത്തിക വർഷത്തിൽ വൈദ്യുതീകരിക്കുന്നതിന് 931.74 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 31-12-2004 വരെ 55,164 വീടുകൾക്ക് വൈദ്യുതി നൽകിയിട്ടുണ്ട്.

പുതിയ വൈദ്യുതി കണക്ഷനുള്ള നടപടികൾ

10 [328] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 100 ദിവസം കൊണ്ട് പുതുതായി എത്ര വൈദ്യുതി കണക്ഷൻ നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) ടാർജറ്റ് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതും ടാർജറ്റ് പ്രകാരം ഇതിനകം കൈവരിച്ച നേട്ടവും വിശദമാക്കാമോ;

(സി) പുതുതായി തീരുമാനിച്ച ടാർജറ്റ് പ്രകാരം കണക്ഷൻ നൽകുന്നതിന് ആവശ്യമായിവരുന്ന മെറ്റീരിയൽസ് വാങ്ങുന്നത് സംബന്ധിച്ച് ബോർഡ് തീരുമാനം അറിയിക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് വൈദ്യുതി കണക്ഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാതെ കിടപ്പുണ്ട്; ഇവ എന്നത്തേക്ക് നൽകാൻ കഴിയും;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രി പ്രത്യേക ഉത്തരവിലൂടെ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കണക്ഷനുകൾ നൽകിയെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1,50,000 സാധാരണ കണക്ഷനുകളും 15,000 ബി.പി.എൽ. കണക്ഷനുകളും നൽകാനാണ് നിർദ്ദേശിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)	ടാർജറ്റ്	കൈവരിച്ചത്
	ബി.പി.എൽ. കണക്ഷനുകൾ 15,000	43,179
	മറ്റു കണക്ഷനുകൾ 1,50,000	1,93,219

(സി). ആവശ്യമായ മെറ്റീരിയൽസ് വാങ്ങാൻ അതാത് ചീഫ് എഞ്ചിനീയർ മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) 3,56,070 അപേക്ഷകൾ. ഇവ 31-12-2005-നകം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) പ്രത്യേക ഉത്തരവ് നൽകിയിട്ടില്ല. എന്നാൽ ചില കേസുകളിൽ മുൻഗണന അനുവദിച്ചിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ്

11 [329] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ ഏതെല്ലാം വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വികലാംഗരായ അപേക്ഷകർക്ക് വൈദ്യുതി കണക്ഷന് മുൻഗണന നൽകിയിട്ടുണ്ടോ; പ്രസ്തുത ആനുകൂല്യം റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) മുൻഗണന നൽകിയിട്ടുണ്ട്. ഈ ആനുകൂല്യം റദ്ദാക്കിയിട്ടില്ല.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly